റിസർവ്വ് സബ് ഇൻസ്പെക്ടർമാരുടെ സ്ഥലംമാറ്റ മാനദണ്ഡം

51 (5961) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ സായുധ റിസർവ്വ് ക്യാമ്പിൽ 3 വർഷത്തിൽ അധികമായി സേവനം അനുഷ്ഠിക്കുന്ന റിസർവ്വ് സബ്ഇൻസ്പെക്ടർമാരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവരുടെ സ്ഥലംമാറ്റ നടപടികൾ ഉടനെ ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള സ്ഥലമാറ്റ മാനദണ്ഡം ഇവർക്ക് ബാധകമാണോ ?

ഉത്തരം

(എ) 7 എണ്ണം.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) ബാധകമാണ്.

എറണാകുളം സെൻട്രൽ പോലീസ് ക്വാർട്ടേഴ്സിൽ താമസിച്ചിരുന്നവരുടെ പേരുവിവരം

52 (5962) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009 ജനുവരി മുതൽ 2010 മാർച്ച് വരെയുള്ള കാലയളവിൽ എറണാകുളം സെൻട്രൽ പോലീസ് ക്വാർട്ടേഴ്സിൽ ബ്ലോക്ക് 12-ൽ 5-ാം നമ്പർ അപ്പാർട്ട്മെന്റ് ആരുടെ പേരിലായിരുന്നു അനുവദിച്ചിരുന്നത് ;

(ബി) ഇക്കാലയളവിൽ, പ്രസ്തുത 5-ാം നമ്പർ അപ്പാർട്ട്മെന്റ് ആരുടെ കൈവശമായിരുന്നു ;

(സി) പ്രസ്തുത അപ്പാർട്ട്മെന്റിൽ ഇക്കാലയളവിൽ താമസിച്ചിരുന്നവരുടെ പേരുവിവരം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ആളുകളെ ടി അപ്പാർട്ട്മെന്റിൽ നിന്നും ഒഴിപ്പിക്കേണ്ടതായി വന്നിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തുകാരണം കൊണ്ടാണ് ഇവരെ പ്രസ്തുത അപ്പാർട്ട്മെന്റിൽ നിന്നും ഒഴിപ്പിച്ചത് ;

(എഫ്) ഇവർക്ക് താമസിക്കാൻ നിലവിൽ മറ്റേതെങ്കിലും ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly